<u>പതിനാലാം കേരളനിയമസഭ</u>
<u>പത്താം സമ്മേളനം</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1660 | 07.03.2018-ൽ മറുപടിക്ക് |
|---|---|

## സാമൂഹ്യ മാധ്യമങ്ങളിലെ വ്യാജ വാർത്തകൾ

| | ചോദ്യം<br>ശ്രീ. സി. ദിവാകരൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യ മാധ്യമങ്ങളിൽ കൂടി പ്രചരിക്കുന്ന വ്യാജ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യാജ വാർത്തകൾ മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്കകളകറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | വീടുകളുടെ ജനാലകളിൽ സ്റ്റിക്കർ പതിപ്പിച്ച് ഇതര സംസ്ഥാനക്കാരായ മോഷ്ടാക്കൾ വിഹരിക്കുന്നതായും, കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന ഇതര സംസ്ഥാന ഭിക്ഷാടന മാഫിയ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായും മറ്റുമുള്ള വ്യാജ വാർത്തകൾ പ്രചരിപ്പിച്ച് പൊതുജനങ്ങളിൽ ഭയമുളവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇതു സംബന്ധിച്ച് പൊതുജനങ്ങൾ പരിഭ്രാന്തരാകരുതെന്നും വാർത്തകൾ വ്യാജമാണെന്നും മറ്റും പത്രമാധ്യമങ്ങളിൽക്കൂടിയും സാമൂഹ്യമാധ്യമങ്ങൾ വഴിയും സന്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ഇത് സംബന്ധിച്ചുള്ള മുന്നറിയിപ്പ് പൊതുജനങ്ങൾക്ക് നൽകിയിട്ടുള്ളതുമാണ്. |
| (സി) | ഇത്തരം വ്യാജ വാർത്തകൾ നിയന്ത്രിക്കാനും വ്യാജ വാർത്തകൾ നൽകുന്നവർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇത്തരം വ്യാജ പ്രചരണങ്ങളെ നിയന്ത്രിക്കുന്നതിനായി രഹസ്യാന്വേഷണ വിഭാഗം, ഷാഡോ പോലീസ്, സൈബർ സെൽ തുടങ്ങിയ സംവിധാനങ്ങൾ വഴി നിരീക്ഷണം നടത്തിയും ഇത്തരം പ്രവർത്തനങ്ങളോ പ്രചാരണങ്ങളോ |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെട്ടാൽ ഇല്ലായ്മ ചെയ്യുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 16 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ